**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **3573**

**17/10/2011** ൽ മറുപടിയ്ക്ക്

**ആയുഷ് ചികിത്സാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | 'ആയുഷ് ചികിത്സാ പദ്ധതി യുടെ ഭരണച്ചുമതല ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലാക്കിയതിന്റെ കാരണം വിശദമാക്കുമോ. | (എ) | സംസ്ഥാനത്ത് ആയുഷ് ചികിത്സാ പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടില്ലാത്തതിനാലും ജനങ്ങളുടെ ആരോഗ്യസംബന്ധമായ എല്ലാ കാര്യങ്ങളും നിലവിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത് എന്നതു കൊണ്ടുമാണ് ആയുഷ് ചികിത്സാ പദ്ധതിയുടെ ഭരണച്ചുമതല ആരോഗ്യകുടുംബക്ഷേമ വകുപ്പിൻെറ കീഴിലാക്കിയത്. |
| (ബി) | കേന്ദ്ര ഗവൺമെന്റും ഇതര സംസ്ഥാനങ്ങളും ആരോഗ്യ കുടുംബക്ഷേമവും ആയുഷും വെവ്വേറെ വകുപ്പുകളായി അംഗീകരിച്ചിട്ടുണ്ടെന്ന് ശ്രദ്ധ യിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇത് രണ്ടും ഒരേ വകുപ്പിനു കീഴിലായതിനാൽ ആരോഗ്യ സംരക്ഷണരംഗത്തു ണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണ ക്കിലെടുത്ത് 'ആയുഷ്' വിഭാഗ ത്തെ സ്വതന്ത്രവകുപ്പായി പ്രവർത്തിപ്പിക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ